# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2068 | 16.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി നടപ്പിലാക്കിയ ശേഷമുള്ള വിലക്കയറ്റം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയ ശേഷമുള്ള വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ; | (എ) | ജി.എസ്.ടി യിൽ നികുതി ഒഴിവാക്കിയതും നികുതി കുറച്ചതുമായ ചില സാധനങ്ങളുടെ വില വർദ്ധിച്ചിട്ടുള്ളതായി മനസ്സിലാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വ്യാപാരികളുമായും വ്യാപാര സംഘടനകളുമായും നേരിട്ട് ചർച്ച നടത്തുകയും കൃത്രിമമായി സൃഷ്ടിക്കുന്ന വിലക്കയറ്റം ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നേരത്തെയുണ്ടായിരുന്ന ആകെ നികുതി ഭാരം ജി.എസ്.ടി നിരക്കുകൾ വരുമ്പോൾ കുറയുന്ന ചരക്കുകളാണ് അധികവും എന്നാൽ ഈ നികുതി ഇളവ് ഉപഭോക്താക്കൾക്ക് കൈമാറാൻ തയ്യാറാകാത്തതും തുടക്കത്തിലെ ആശയക്കുഴപ്പവുമെല്ലാം വിലക്കയറ്റത്തിന് വഴിവെച്ചിട്ടുണ്ട്; ജി.എസ്.ടി നിയമത്തിലെ അമിത ലാഭവിരുദ്ധ വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യും. |
| (ബി) | സംസ്ഥാന സർക്കാർ വിലകുറയുമെന്ന് പ്രഖ്യാപിച്ച 100-ഓളം ഉൽപ്പന്നങ്ങളിൽ എത്രയെണ്ണത്തിന് വിലകുറഞ്ഞു എന്നറിയിക്കാമോ; ഇവയ്ക്കൊന്നും | (ബി) | ജി.എസ്.ടി യുടെ പ്രാരംഭഘട്ടത്തിൽ നീക്കിയിരിപ്പ് സാധനങ്ങളുടെ വിലയുമായി ബന്ധപ്പെട്ട് ചില അവ്യക്തതകൾ രാജ്യമൊട്ടുക്കും നിലനിന്നിരുന്നു. നീക്കിയിരിപ്പ് |

| | | | |
|---|---|---|---|
| | വിലകുറയാത്തതിന്റെ കാരണം അറിയിക്കാമോ; | | സാധനങ്ങൾക്ക് നല്കിയ നികുതിയിലും ഇൻപുട്ട് ടാക്സ് ലഭ്യമാകുമെന്നും അതിനു സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ കുറിച്ചും വ്യാപാരികളെ ഉത്ബുദ്ധരാക്കാനുള്ള നടപടികൾ കേന്ദ്രവും സംസ്ഥാനങ്ങളും നടത്തി വരുന്നു. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യ സാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാനാണ് സാധ്യത. ഇത് വരും മാസങ്ങളിൽ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കേരളത്തിന് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ഒട്ടനവധി ഉത്പന്നങ്ങളുമായി മത്സരിച്ച് വിപണിയിൽ പിടിച്ചു നിൽക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;ഇത് മറികടക്കാനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ.? | (സി) | സാമ്പത്തിക ഉദാരവൽക്കരണത്തെ തുടർന്ന് കമ്പോളത്തിലുണ്ടായിരിക്കുന്ന മത്സരം എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്. ഒരു സംസ്ഥാനത്തിനും അതിൽ നിന്നും പുറം തിരിഞ്ഞു നിൽക്കാൻ സാധ്യമല്ല എന്ന യാഥാർത്ഥ്യമുണ്ട്. നികുതിക്കുമേൽ നികുതി ഇല്ലാത്തതും അടച്ച നികുതിക്ക് ഇൻപുട്ട് ക്രെഡിറ്റ് ലഭ്യമാകുകയും ചെയ്യുമെന്നതിനാൽ അത്തരം അനുകൂല സാഹചര്യങ്ങൾ കേരളത്തിലെ ഉല്പാദകരും പ്രയോജനപ്പെടുത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ